Talented Bankers Literary Panel
പുസ്തക പരിചയം 232

പുസ്തകം പരിചയപ്പെടുത്തുന്നത്,
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
തിരുവനന്തപുരം.

ഇത്തിരി വട്ടത്തിലെ കടൽ
അനീസ് സലിം

ഇന്നും ഇഷ്ട്ടപ്പെട്ട പുസ്തകം ടോം സായർ തന്നെ. കുട്ടിക്കാലത്തു നമ്മൾ കാണിച്ചിരുന്ന വികൃതികളുടെ തനിയാവർത്തനവുമായി, ഒട്ടും വിരസതയില്ലാതെ, ടോം സായറും ഹക്കിൾബെറിഫിന്നും എത്ര തവണവായിച്ചെന്നതിന് കണക്കൊന്നുമില്ല, ഞാൻ മാത്രമല്ല, നിങ്ങളിൽ പലരും . സ്വാമിയും കൂട്ടുകാരും മാൽഗുഡി ഡേയ്സിൽ വരുമ്പോൾ, കണ്ണുചിമ്മാതെ ടെലിവിഷന് മുന്നിൽ ഇരുന്നത് ഓർമ്മയില്ലേ.. അവയൊക്കെ നമ്മുടെ ജീവിതത്തിലെ, ഒരിക്കലും തിരിച്ചു കിട്ടാത്ത, മധുരമുള്ള ഒരു കാലത്തിലേക്കു നമ്മെ കൊണ്ട് പോകുന്നു.

ഒരു എഴുത്തുകാരനാകും എന്ന് പിറന്നുവീണ ദിവസം തന്നെ പിതാവ് പ്രവചിച്ചത് കേട്ടുവളർന്ന കുട്ടി, ആകെ എഴുതിയത് ഒരു കത്താണ്, അതും പിതാവിന്റെ രചനകളെ തിരസ്‌ക്കരിച്ച ലിറ്ററി ഏജന്റിന്, ലണ്ടനിലെ ജെയിംസ് അൺവിന്.

കുട്ടികളെ നാമൊക്കെ പലപ്പോഴും ഒരു ചെവി കൊടുത്തു മാത്രമേ ശ്രദ്ധിക്കാറുള്ളൂ. കുട്ടിത്തരത്തിന്റെ കുസൃതികളും ഇഷ്ട്ടങ്ങളും സാഹസിക താൽപ്പര്യങ്ങളും ഉള്ള അവന് , സ്വന്തം ഇഷ്ടത്തിനുവിപരീതമായി ഒരു കുഗ്രാമത്തിൽ താമസിക്കേണ്ടി വരുന്നു. രോഗം ബാധിച്ചു മരണത്തോടടുക്കുന്ന ബാപ്പയുടെ അന്ത്യഭിലാഷം സഫലമാക്കാനാണ്, അവനും ഉമ്മയും ലിറ്റിൽ എന്ന അനിയത്തിയും, പൂർത്തിയാവാത്ത മെട്രോ പാതയുടെ അരികിലെ അപാർട്മെന്റിൽ നിന്ന് ബാപ്പയുടെ ജന്മസ്ഥലമായ, ഇത്തിരി പോന്നൊരു കടലൊരഗ്രാമത്തിൽ, ബോഗൈൻവില്ല എന്ന വീട്ടിൽ താമസത്തിനെത്തുന്നത്.

നഗരം വിട്ടു പോകുന്നതിനു മുൻപ്, വാപ്പ കാണിച്ചുകൊടുത്ത, ആദ്യമായ് കണ്ട മഴവില്ലിന്റെ ശോഭ എപ്പോഴും അവന്റെ മനസ്സിലുണ്ടായിരുന്നു. പെട്ടെന്നുള്ള മാറ്റം അവനെ സങ്കടപ്പെടുത്തിയെങ്കിലും ക്രമേണ പുതിയ സ്ഥലത്തും അവന് ചങ്ങാതിയായി ബിലാലിനെ കിട്ടി.. യത്തിമായ സ്വന്തമായൊരു ഭാവനാലോകമുണ്ടാക്കുന്ന ബിലാലിനെ.പിന്നെ സ്നേഹമുള്ളൊരു ബാപ്പുമ്മയേയും.

ബാപ്പയും അവനും കൂട്ടുകാരായി, അവർ യാദൃശ്ചികമായി പാറക്കെട്ടുകൾക്കിടയിലുള്ള ഒരു ബീച്ച് കണ്ടുപിടിച്ചു. മണൽ ഘടികാരം പോലെ മേൽകിണ്ണത്തിൽ നിന്നും ഇടുങ്ങിയ കഴുത്തിലൂടെ ഒഴുകിയിറങ്ങിയ ആകാശം, താഴെ കിണ്ണത്തിൽ കടലായത് പോലെ ഒരു ബീച്ച്.ബാപ്പയുടെ ബാല്യകാല സുഹൃത്തുക്കളെയും അവൻ പരിചയപ്പെട്ടു.

അവന് 13 വയസ്സ് തികയുന്നതിന്റെ പിറ്റേന്ന് വാപ്പമരിച്ചു. ഉമ്മയും വാപ്പുമ്മയും ലിറ്റിലും ആയി ചുരുങ്ങി അവന്റെ ലോകം. അവനെ ഞെട്ടിച്ചുകൊണ്ട് അമ്മായിയുടെ നിർബന്ധത്തിൽ, ഉമ്മ പുനർവിവാഹിതയായി. ലിറ്റിലിനെയും കൊണ്ട് ഭർത്താവിനോടൊപ്പം വിദേശത്തേക്കും പോയി. ഏകാന്തതയും സങ്കടവും നിറഞ്ഞ അവന്റെ ജീവിതത്തിൽ നിന്ന് അധികം താമസിയാതെ ബിലാലും വാപ്പുമ്മയും യാത്രയായി.

ഉമ്മയിൽ നിന്നുള്ള ഫോൺ വിളിയുടെ ഇടവേളകളുടെ ദൈർഘ്യം കൂടി വന്നു. അനിയത്തിയുടെ പേര് നിലോഫർ എന്നാക്കിയതും ഉമ്മ വീണ്ടും ഗർഭിണി ആയതും അവനു ഉൾക്കൊള്ളാൻ കഴിയുന്നില്ല.

ജെയിംസ് അൺവിൻ എന്ന പ്രസാധകന് കത്തെഴുതുന്ന ആ കുട്ടിക്ക് പേരില്ല, വാപ്പാക്കും ഉമ്മക്കും പേരില്ല, കടലോര പ്രദേശത്തിനും പേരില്ല. പേരുവേണം എന്ന് തോന്നുന്ന ഒരു സന്ദർഭം പോലും നമ്മെ കാണിച്ചു തരുന്നുമില്ല. സ്വന്തം ജീവിതം വിവരിക്കുന്ന കത്ത് പോലും എഴുതുന്നത്, പിതാവിന്റെ പ്രവചനം മൂലം ആണെന്നവൻ വിശ്വസിക്കുന്നു. അവന്റെ കൂടെയിരിക്കുന്ന പല ദിവസങ്ങളിലും നമ്മുടെ കണ്ണും നനയുന്നു. ലളിതമായി കാണപ്പെടുന്ന ജീവിതങ്ങളുടെ ഉള്ളറകളിൽ, സങ്കീർണ്ണമായ ഭൂപ്രദേശങ്ങളുണ്ടെന്നും നാടകീയത ഒട്ടുമില്ലാതെ സാധാരണ ജീവിതം കോറി വരച്ചാലും, വായനക്കാരുടെ ഹൃദയങ്ങൾ ആസ്വസ്ഥമാക്കാമെന്നും കഥാകാരൻ നമ്മെ മനസ്സിലാക്കിക്കുന്നു.

ഒറ്റയിരിപ്പിനു വായിച്ചു പോകാവുന്ന കൃതി. വായിച്ചു കഴിഞ്ഞാൽ, ഉള്ളിന്റെ ഉള്ളിലെ നീറ്റൽ ദിവസങ്ങളോളം നീണ്ടു നിൽക്കുന്നു.

വർക്കലയിൽ ജനിച്ച്, പത്താംക്ലാസിൽ ഔപചാരിക വിദ്യാഭ്യാസം അവസാനിപ്പിച്ച, ഗ്രന്ഥകർത്താവ് അനീസ് സലിം, ഇംഗ്ലീഷ് സാഹിത്യത്തിൽ സ്വന്തമായൊരിരിപ്പിടം കരസ്ഥമാക്കിയിട്ടുണ്ട്. Vicks mangotree യും vanity bagh ഉം Tales from vending machine ഉം ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. The blind ladies descendants (അന്ധയുടെ അനന്തരാവകാശികൾ )കേന്ദ്ര സാഹിത്യ അക്കാഡമി അവാർഡ് ഉൾപ്പടെ നിരവധി അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്.

നിരവധി അവാർഡുകൾ സമ്പാദിച്ച പുസ്തകമാണ് The small town sea യും (ഇത്തിരി വട്ടത്തിലെകടൽ ). മിക്കവാറും എല്ലാ ഭാഷകളിലേക്കും അനീസ് സലീമിന്റെ പുസ്തകങ്ങൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

സ്മിത മീനാക്ഷി പരിഭാഷപ്പെടുത്തിയ The Small Town sea (ഇത്തിരി വട്ടത്തിലെ കടൽ ) മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ചിരിക്കുന്നു. വില 350 രൂപ.
Original ഇംഗ്ലീഷ് ആമസോണിലും ലഭ്യമാണ്.